പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 295 22.02. 2016- ലെ മറുപടി

# പ്രവാസി പുനരധിവാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രവാസി പുനരധിവാസത്തിനായി സ്വീകരിച്ച നടപടികളിലൂടെ എത്രത്തോളം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ; | എ) തിരികെ എത്തുന്ന പ്രവാസി മലയാളികളുടെ സമഗ്ര പുനരധിവാസം മുൻ നിർത്തി വിവിധ വശങ്ങൾ പരിശോധിച്ച് നിലവിലുള്ള സാഹചര്യങ്ങൾ പഠിച്ച് ഒരു സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് നോർക്ക സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു പത്തംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ ഉപസമിതി പരിശോധിക്കുകയും 5 പ്രധാന ഘടകങ്ങൾ അടങ്ങുന്ന ഒരു സമഗ്ര പദ്ധതി ജി.ഒ (എം. എസ്) നം. 6/2013/നോർക്ക, തീയതി 07/11/2013 പ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം ബാങ്ക് വായ്പയിൽ 3% പലിശ ഇളവും അനുവദിച്ചിട്ടുണ്ട്. ഇവർക്ക് മൂലധന സബ്സിഡി നൽകുന്ന ഇനത്തിൽ 6.68 കോടി രൂപ നാളിതുവരെ വിവിധ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ബാങ്കുകളുമായുള്ള ധാരണാപത്ര കാലാവധി തീർന്നുപോയതിനാൽ ഒരു ചെറിയ ഇടക്കാലത്ത് പദ്ധതി പ്രവർത്തനം തടസ്സം നേരിട്ടു. എന്നാൽ **MoU** പുതുക്കി ഒപ്പ് വച്ച് 2016 ഫെബ്രുവരി 1 മുതൽ ത്രൈമാസ പലിശ കണക്കാക്കി പലിശ സബ്സിഡി റീഇംപേഴ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016 ജനുവരി 1 മുതൽ പുതിയ അപേക്ഷ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. |

മറുപുറം ........►►

ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ് (NDPREM) പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

ബി) ഉണ്ട്. നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രെൻറസ് എന്ന പദ്ധതി പ്രകാരം നോർക്കയും കാനറ ബാങ്കും, സൗത്ത് ഇൻഡ്യൻ ബാങ്കും, യൂണിയൻ ബാങ്കുമായി കരാർ ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പദ്ധതിയുടെ പ്രായോഗികത വിലയിരുത്തിയാണ് ലോൺ തുക ബാങ്ക് അനുവദിക്കുന്നത്. ബാങ്കിൽ നിന്നും ലോൺ അനുവദിച്ചിട്ടുള്ള ഉണഭോക്താക്കൾക്ക് 15% മൂലധന സബ്സിഡിയും (ബാക് എൻഡ്), ആദ്യത്തെ നാലുവർഷം 3% പലിശ സബ്സിഡിയും സർക്കാർ നൽകുന്നുണ്ട്. 2015 മാർച്ച് 31 ന് ബാങ്കുകളുമായിട്ടുള്ള ധാരണാപത്രത്തിന്റെ കാലാവധി അവസാനിച്ചു. 2015 നവംബർ മാസം ബാങ്കുമായിട്ടുള്ള ധാരണപത്രം പുതുക്കിയതിനെ തുടർന്ന് തീർപ്പാക്കാത്ത അപേക്ഷകൾ ബാങ്കിലേക്ക് വീണ്ടും അയച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ 2016 ജനുവരി 1 മുതൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് വരുന്നുണ്ട്. എസ്സ്.ബി.ഐ, എസ്സ്. ബി. ടി ഉൾപ്പെടെ കൂടുതൽ ബാങ്കുകളെ പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് ചർച്ചകൾ നടന്ന് വരുന്നു. അർഹരായ എല്ലാ അപേക്ഷകർക്കും സമയബന്ധിതമായി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സി)വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും തൊഴിൽ സംരംഭങ്ങൾക്കുമായി കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

സി) ഈ ലക്ഷ്യം മുൻനിർത്തിയുള്ള വിവിധ പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ